(ഇ) ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിനെതിരെ സ്വകാര്യ ട്രാവൽ ഏജൻസികൾ നടത്തുന്ന പ്രവർത്തനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) ഉണ്ട്.

(ബി, സി) ഗൾഫിലെ ചില രാജ്യങ്ങൾ തൊഴിൽ നിയമങ്ങൾ കർശനമാക്കിയതോടുകൂടി ആ രാജ്യങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത മെട്രിക്കുലേഷൻ അഥവാ എസ്.എസ്.എൽ.സി. ആയി നിശ്ചയിച്ചിട്ടുണ്ട്. ഇക്കാരണത്താൽ തൊഴിലന്വേഷകർക്ക് എസ്.എസ്.എൽ.സി. മുതലുള്ള യോഗ്യതാ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട അധികൃതരെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഉദ്യോഗാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ന്യൂഡൽഹിയിലുള്ള മനുഷ്യ വിഭവശേഷി മന്ത്രാലയവും, വിദേശകാര്യ മന്ത്രാലയവും സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഈ സാക്ഷ്യപ്പെടുത്തലുകൾക്കുവേണ്ടി ഡൽഹിയിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത്, കേന്ദ്ര മനുഷ്യ വിഭവശേഷി മന്ത്രാലയത്തിന്റേയും, വിദേശകാര്യ മന്ത്രാലയത്തിന്റെയും സെല്ലുകൾ ആരംഭിക്കുന്നതിന് മുഖ്യമന്ത്രിയും, നോർക്ക വകുപ്പ് മന്ത്രിയും നിവേദനങ്ങളിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ നോർക്ക പാർലമെന്ററികാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നീ മൂന്നംഗ മന്ത്രിതല സംഘം പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകുകയുമുണ്ടായി. ഇതിന്റെയെല്ലാം ഫലമായി ഗൾഫ് രാജ്യങ്ങളിൽ ജോലിതേടി പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനുള്ള കേന്ദ്രം തിരുവനന്തപുരത്ത് ആരംഭിക്കുവാൻ കേന്ദ്ര സർക്കാർ സമ്മതമറിയിക്കുകയുണ്ടായി. നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ 'റൂട്ട്സ് എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്'-ന്റെ തിരുവനന്തപുരത്ത്, വഴുതക്കാടുള്ള ഓഫീസിൽ കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയത്തിന്റെ കൗണ്ടർ തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്ര മനുഷ്യ വിഭവശേഷി മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം എന്നിവയ്ക്കാണ് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരമുള്ളത്. കേന്ദ്ര സർക്കാർ ഈ ചുമതല സംസ്ഥാന സർക്കാരിനെ പൂർണ്ണമായി ഏൽപ്പിച്ചാൽ മാത്രമേ, സംസ്ഥാനത്ത് ആവശ്യമായ സെല്ലുകൾ ആരംഭിക്കുവാൻ കഴിയൂ. കേരള സർക്കാരിന്റെ അറ്റസ്റ്റേഷൻ, വിദേശ രാജ്യങ്ങൾ അംഗീകരിക്കേണ്ടതായിട്ടുമുണ്ട്.

(ഇ) ഇല്ല.

വാഹന അപകടങ്ങൾ കുറയ്ക്കാൻ മരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ

*29 [149] ശ്രീ. സി. മമ്മൂട്ടി:
„ കെ. എൻ. എ. ഖാദർ:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കാൻ പൊതുമരാമത്ത് വകുപ്പ് മാത്രമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് ഇതര വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാം?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ, ബി) മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ചാണ് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നത്. തെരഞ്ഞെടുത്ത അപകട മേഖലകളിൽ പരിഹാരം നടപ്പാക്കൽ, റോഡ് സേഫ്റ്റി ആഡിറ്റിംഗ് നടത്തുക, സൈനേജ്, മാർക്കിംഗ് ഇവ ഏർപ്പെടുത്തുക, റോഡ് സുരക്ഷ അവബോധം സൃഷ്ടിക്കുക തുടങ്ങിയവയാണ് നടപ്പിലാക്കിവരുന്ന പരിപാടികൾ. തിരുവനന്തപുരത്ത് നാല് അപകട മേഖലകൾ പരിഷ്ക്കരിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് മറ്റ് 8 സ്ഥലങ്ങളിൽ അപകട മേഖലകൾ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളുടെ ആസൂത്രണ പ്രവർത്തനം നടന്നുവരുന്നു.

പുതിയ ബി. എഡ്. കോളേജുകൾക്ക് എൻ.ഒ.സി.

*30 [150] ശ്രീ. കെ. എ. ചന്ദ്രൻ:
„ വർക്കല കഹാർ:
„ കെ. മുഹമ്മദാലി:
„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സ്വാശ്രയ മേഖലയിൽ എത്ര ബി.എഡ്. കോളേജുകളുണ്ട്;

(ബി) ഗവൺമെന്റ്-എയ്ഡഡ് മേഖലയിൽ എത്ര ബി. എഡ്. കോളേജുകളുണ്ട്;

(സി) ഈ വർഷം പുതുതായി എത്ര ബി. എഡ്. കോളേജുകൾക്ക് എൻ.ഒ.സി. നൽകി?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ, 34 ബി. എഡ്. ട്രെയിനിംഗ് കോളേജുകളുണ്ട്.

(ബി) സർക്കാർ മേഖലയിൽ 4-ഉം, എയ്ഡഡ് മേഖലയിൽ 17-ഉം ട്രെയിനിംഗ് കോളേജുകളുണ്ട്. കൂടാതെ യൂണിവേഴ്സിറ്റികൾ നേരിട്ട് നടത്തുന്ന ബി. എഡ്. സെന്ററുകളുമുണ്ട്.

(സി) 64 എണ്ണത്തിന് എൻ.ഒ.സി. നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly